# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 858

12/06/2013 - ൽ മറുപടിക്ക്

### പാർവ്വതീപുത്തനാറിന്റെ ശുചീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ പാർവ്വതീപുത്തനാർ ശുചീകരിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും ഇരുകരകളിലെയും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പകരം അവർക്കു താമസസ്ഥലം നൽകുന്നതിനും ഈ സർക്കാർ അധികാരമേറ്റതിനു ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി പാർവ്വതിപുത്തനാറിന്റെ ചാക്ക പാലം മുതൽ-കരിക്കകം ക്ഷേത്രം വരെയുള്ള ഏകദേശം 2.5 കി.മീ. ഭാഗം സംരക്ഷണ ഭിത്തികെട്ടി സുരക്ഷിതമാക്കുകയും, പാർവ്വതി പുത്തനാറിലെ കുളവാഴ രണ്ട് പ്രാവശ്യം നീക്കം ചെയ്യുകയും, കുളവാഴ പൂർണ്ണമായും നീക്കം ചെയ്യുന്നതിലേക്കുള്ള പ്രവർത്തനം മൂന്നാമത്തെ പ്രാവശ്യം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള ഭാഗങ്ങൾ മാലിന്യവിമുക്തമാക്കുന്നതിനു വേണ്ടി അരികിലുള്ള വീടുകളിൽനിന്നും മറ്റ് ഇടങ്ങളിൽ നിന്നും കനാലിലേക്ക് ഒഴുകുന്ന മാലിന്യ സ്രോതസ്സ് കണ്ടെത്തി അവ പൊതു പൈപ്പു ലൈനുകൾ മുഖേന മുട്ടത്തറയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നതിനുള്ള സാദ്ധ്യത സംബന്ധിച്ചും റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ കനാലിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിനും ജലസേചനവകുപ്പിന്റെയും റവന്യൂവകുപ്പിന്റെയും സഹകരണത്തോടുകൂടി സമഗ്രമായ പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ **NATPAC (National Transportation Planning and Research Centre)**നെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് സർക്കാർ പരിശോധിച്ച് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ